നം. ഇ.ഡി.4-13/2020/ആ.വ.ഡ.,

ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി: 16/07/2022

# പരിപത്രം

വിഷയം:- ആ.വ.ഡ. - ജീവനക്കാര്യം - തസ്തികമാറ്റം വഴി കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് 2 തസ്തികയിലേയ്ക്ക് നിയമനം നൽകുന്നതിന് ടൈപ്പിസ്റ്റ് തസ്തികയിൽ ജോലി നോക്കുന്ന ജീവനക്കാരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു.

സൂചന:-

ആരോഗ്യവകുപ്പിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ 1 : 1 റേഷ്യോ പ്രകാരം കെ.പി.എസ്.സി/ടൈപ്പിസ്റ്റുമാരിൽ നിന്നും ബൈട്രാൻസ്ഫർ പ്രൊമോഷൻ എന്നിവ വഴിയാണ് നിയമനം നടത്തുന്നത്. തസ്തികമാറ്റം വഴി നിയമനം നൽകുന്നതിന് ആരോഗ്യവകുപ്പിൽ ഒരു ഒഴിവ് നിലവിൽ വന്നിട്ടുണ്ട്. ആയതിലേയ്ക്ക് തസ്തികമാറ്റം വഴി ടൈപ്പിസ്റ്റ് തസ്തികയിൽ നിന്നും കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് 2 തസ്തികയിലേയ്ക്ക് നിയമനം നൽകുന്നതിന് ഡിപ്പാർട്ട്മെന്റിലെ യോഗ്യതയുള്ള ടൈപ്പിസ്റ്റുമാരിൽ നിന്നും അപേക്ഷ ക്ഷണിച്ചു കൊള്ളുന്നു. സേവന വിവരങ്ങളും യോഗ്യതയും സംബന്ധിച്ച വിവരങ്ങൾ ഉൾക്കൊള്ളിച്ച് അപേക്ഷ (ബയോഡേറ്റ) പരിപത്രത്തിലെ തീയതി മുതൽ 15 ദിവസത്തിനകം ജില്ലാ മെഡിക്കൽ ഓഫീസർമാർ മുഖേന ഈ ഓഫീസിൽ അയച്ചു തരേണ്ടതാണ്. നിശ്ചിത സമയപരിധി കഴിഞ്ഞ് ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കാത്തതും ഓപ്ഷൻ ഒരു പ്രാവശ്യം അംഗീകരിച്ച് കഴിഞ്ഞാൽ അത് പിൻവലിക്കാൻ പാടില്ലാത്തതുമാണ്.

1. യോഗ്യത

1. +2/തത്തുല്യം
2. Lower Grade Certificate in Type writing English (KGTE) & Computer Word Processing
   Note: 2002 -ന് മുൻപ് KGTE Type writing പാസായവർ പ്രത്യേകം പാസായവർ കംപ്യൂട്ടർ വേഡ്പ്രോസസിംഗ് സർട്ടിഫിക്കറ്റ് നിർബന്ധമായും ഹാജരാക്കേണ്ടതാണ്.
3. Lower Grade Certificate in Type writing Malayalam (KGTE) അല്ലെങ്കിൽ തത്തുല്യം
4. Lower Grade Certificate in Short hand English (KGTE) അല്ലെങ്കിൽ തത്തുല്യം

5. Lower Grade Certificate in Short hand English Malayalam (KGTE) അല്ലെങ്കിൽ തത്തുല്യം

2. <u>നിയമനരീതി</u>

അപേക്ഷകരിൽ രേഖപ്പെടുത്തിയ യോഗ്യതയുള്ള ടൈപ്പിസ്റ്റ് തസ്തികയിലെ ഏറ്റവും സേവന ദൈർഘ്യം കൂടുതലുള്ള ജീവനക്കാരെയാണ് നിയമിക്കുന്നത്.

നിയമിക്കുന്ന ജില്ല /സ്ഥാപനം എന്നിവ എപ്പോൾ വേണമെങ്കിലും മാറ്റം വരാവുന്നതാണ്.

ശോഭ വി.
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

ജിആർആർ-18/07